(സി) ക്രമക്കേടുകളും ഉദ്യോഗസ്ഥരുടെ വീഴ്ചയും കണ്ടുപിടിച്ച 110 റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ട്.

(ഡി) വിശദാംശം വകുപ്പ് തിരിച്ച് അനുബന്ധമായി ചേർക്കുന്നു.†

(ഇ) സസ്പെൻഷൻ ഉൾപ്പെടെയുള്ള അച്ചടക്ക നടപടി സർക്കാരിനു നഷ്ടംവന്ന തുക ക്രമക്കേടിന് ഉത്തരവാദികളായവരിൽ നിന്നും തിരിച്ചുപിടിക്കുക തുടങ്ങിയ നടപടികൾ സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഭരണ വകുപ്പുകളോട് ശുപാർശ ചെയ്തിട്ടുണ്ട്. എന്നാൽ തുടർ നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട വകുപ്പുകളാണ്. അന്വേഷണ റിപ്പോർട്ടിൻമേൽ തുടർനടപടി സ്വീകരിക്കുന്നതിന് ഭരണവകുപ്പിന്റെ നിർദ്ദേശങ്ങളും സർക്കുലറുകളും നൽകിയിട്ടുണ്ട്.

(എഫ്) ഉണ്ട്.

(ജി) 89 കേസുകളിൽ.

## പെൻഷൻകാരുടെ ചികിത്സാ പദ്ധതി

6 [1138] ശ്രീ. ടി. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പെൻഷൻകാരുടെ ചികിത്സാ പദ്ധതിയുടെ പ്രവർത്തന പുരോഗതി വെളിപ്പെടുത്തുമോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ ഇതിനകം കൈക്കൊണ്ടു;

(സി) ഈ പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏത് വകുപ്പിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്;

(ഡി) ഈ പദ്ധതിയുടെ പരിരക്ഷ ഏതെല്ലാം വിഭാഗത്തിൽപ്പെടുന്ന എത്ര പേർക്ക് ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഇ) പദ്ധതി പൂർണ്ണമായും എപ്പോൾ പ്രാവർത്തികമാക്കുവാൻ കഴിയുമെന്ന് അറിയിക്കാമോ?

### ഉത്തരം

(എ—ഇ) പെൻഷൻകാർക്കുള്ള ചികിത്സാ പദ്ധതിയുടെ വിശദാംശങ്ങൾ സർക്കാർ പരിശോധിച്ചുവരുന്നു.

---

† നിയമസഭാലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly